ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:09.08.2024**

## പ്രധാനവാർത്തകൾ

RNU TVPM

1. ക്വിറ്റ് ഇന്ത്യ സമരത്തിൽ ജീവത്യാഗം ചെയ്തവർക്ക് സ്മരണാഞ്ജലി അർപ്പിച്ച് പാർലമെൻറ്. രാജ്യത്തിന് സ്വാതന്ത്ര്യം നേടുന്നതിൽ ക്വിറ്റ് ഇന്ത്യ പ്രസ്ഥാനത്തിന് വലിയ പങ്കുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
2. വീടുകളിൽ ദേശീയപതാക ഉയർത്തുന്ന ഹർ ഘർ തിരംഗ പരിപാടിക്ക് തുടക്കമായി.
3. വയനാട് ഉരുൾപൊട്ടൽ ഉണ്ടായി പതിനൊന്നാം ദിവസമായ ഇന്ന് സൂചിപ്പാറ ഭാഗത്ത് നാല് മൃതദേഹങ്ങൾ കണ്ടെത്തി. പ്രധാനമന്ത്രി നാളെ ദുരന്തമേഖല സന്ദർശിക്കും.
4. സാമ്പത്തിക വളർച്ച ഉറപ്പുവരുത്താനുള്ള പ്രവർത്തനങ്ങൾ പോലെതന്നെ പ്രധാനമായി പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളെയും കാണേണ്ടതുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
5. വനം മന്ത്രി എ.കെ.ശശീന്ദ്രൻ കോഴിക്കോട് ജില്ലയിലെ ഉരുൾപൊട്ടൽ ബാധിത പ്രദേശമായ വടകര വിലങ്ങാട് സന്ദർശിച്ചു.

6. **ഒളിമ്പിക്സിൽ പുരുഷന്മാരുടെ ഗുസ്തിയിൽ വെങ്കല മെഡൽ പോരാട്ടത്തിനായി ഇന്ത്യയുടെ അമൻ സെഹ് രാവത്ത് ഇന്നിറങ്ങും.**

***************************

## പാർലമെൻറ്

പാർലമെന്റിന്റെ ഇരു സഭകളിലും നടപടികൾ പുരോഗമിക്കുന്നു. ക്വിറ്റ് ഇന്ത്യ സമരത്തിൽ ജീവത്യാഗം ചെയ്തവർക്ക് ഇരുസഭകളും സ്മരണാഞ്ജലി അർപ്പിച്ചു.

***************************

## പ്രധാനമന്ത്രി - ക്വിറ്റ് ഇന്ത്യ

സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തിൽ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നടന്ന ക്വിറ്റ് ഇന്ത്യ പ്രസ്ഥാനത്തിന് വലിയ പങ്കുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ജീവത്യാഗം ചെയ്ത സ്വാതന്ത്ര്യപ്രക്ഷോഭകർക്ക് പ്രധാനമന്ത്രി ശ്രദ്ധാഞ്ജലി അർപ്പിച്ചു. വീടുകളിൽ ദേശീയപതാക ഉയർത്തുന്നതിനുള്ള ഹർ ഘർ തിരംഗ പരിപാടിക്ക് രാജ്യത്ത് ഇന്ന് തുടക്കമായി. സ്വാതന്ത്ര്യദിനമായ ഓഗസ്റ്റ് 15 വരെയാണ് പരിപാടി. വീടുകളിൽ ദേശീയപതാക ഉയർത്തി സെൽഫി എടുത്ത് ഹർ ഘർ തിരംഗ വെബ്സൈറ്റിൽ പോസ്റ്റ് ചെയ്യാനും പ്രധാനമന്ത്രി അഭ്യർത്ഥിച്ചു. പ്രധാനമന്ത്രി തൻ്റെ സോഷ്യൽ മീഡിയ ഹാൻഡിലുകളിലെ പ്രൊഫൈൽ ചിത്രം ത്രിവർണ്ണ പതാകയാക്കി മാറ്റി.

RNU TVPM

***************************

## വയനാട് - പ്രധാനമന്ത്രി

വയനാട് ഉരുൾപ്പൊട്ടൽ ബാധിത മേഖലകൾ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ സന്ദർശിക്കും. പ്രധാനമന്ത്രിയുടെ

സന്ദർശനത്തിൽ അനുകൂല നടപടി പ്രതീക്ഷിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ദുരന്ത മേഖലയിൽ, കേന്ദ്ര ആഭ്യന്തര വകുപ്പ് ജോയിന്റ് സെക്രട്ടറി രാജീവ് കുമാറിൻറെ നേതൃത്വത്തിലുള്ള കേന്ദ്ര സംഘവും ഇന്ന് സന്ദർശനം നടത്തും.

**************************

## വയനാട് - തിരച്ചിൽ ( ഇൻട്രോ )

ഉരുൾപൊട്ടലുണ്ടായ മുണ്ടക്കൈയിലും ചൂരൽമലയിലും ഇന്ന് ജനകീയ തിരച്ചിൽ നടന്നു. സൂചിപ്പാറ-കാന്തൻപാറ ഭാഗത്തുനിന്ന് നാല് മൃതദേഹം കൂടി കണ്ടെത്തി.

**തിരച്ചിലിന്റെ കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്....**

( വോയിസ് )

RNU TVPM

**************************

## വയനാട് - മുഴക്കം

വയനാട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ അസാധാരണ മുഴക്കം അനുഭവപ്പെട്ടതായി നാട്ടുകാർ. അമ്പലവയൽ, എടക്കൽ മാളിക ഭാഗങ്ങളിലും മുഴക്കം അനുഭവപ്പെട്ടു. പ്രദേശത്ത് വില്ലേജ് ഓഫീസറുടെ നേതൃത്വത്തിൽ പരിശോധന നടത്തുന്നു. പരിഭ്രാന്തരാകേണ്ട സാഹചര്യമില്ലെന്ന് അധികൃതർ അറിയിച്ചു.

**************************

## വയനാട് - സർട്ടിഫിക്കറ്റ് വിതരണം

ഉരുൾപൊട്ടൽ മേഖലയിലെ ജനങ്ങൾക്കായി ഇന്ന് മുതൽ സർട്ടിഫിക്കറ്റ് ക്യാമ്പുകൾ നടത്തുന്നു. രാവിലെ 10 മുതൽ വൈകിട്ട് 5 വരെയാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്.

****************************

## <u>വയനാട് - കെ.സുധാകരൻ</u>

വയനാട് പുനരധിവാസ പദ്ധതി സുതാര്യമായി നടപ്പാക്കാൻ പ്രതിപക്ഷ എംഎൽഎമാരെയും വിദഗ്ധരെയും ഉൾപ്പെടുത്തി സമിതി രൂപീകരിക്കണമെന്ന് കെപിസിസി അധ്യക്ഷൻ കെ.സുധാകരൻ ആവശ്യപ്പെട്ടു. ധനസഹായം ലഭിക്കുന്നതിന് തടസ്സമാകുന്ന നിയമവശങ്ങൾ ലഘൂകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

****************************

## <u>പാങ്ങോട് സൈനികർ</u>

പാങ്ങോട് സൈനിക ക്യാമ്പിൽ നിന്നുള്ള സൈനികർ വയനാട്ടിലെ ദുരന്ത ബാധിത പ്രദേശങ്ങളിലെ രക്ഷാ ദൗത്യത്തിന് ശേഷം ഇന്ന് രാവിലെ മടങ്ങി. കൽപ്പറ്റ എച്ച്.ഐ. എം .യു പി സ്കൂളിലായിരുന്നു 10 ദിവസമായി സൈനികർ ക്യാമ്പ് ചെയ്തിരുന്നത്. സൈനികർക്ക് നന്ദി അറിയിക്കാൻ ഒട്ടേറെ പേർ ഇവിടെ എത്തി.

RIJU TVPM

****************************

## <u>നിതിൻ ഗഡ്കരി - ലോക്സഭ</u>

ദേശീയപാത 66 വികസിപ്പിക്കുന്നതിൻറെ ഭാഗമായി കഴക്കൂട്ടം-കടമ്പാട്ടുകോണം സെക്ഷന്റെ നിർമാണപ്രവർത്തികൾ 34 ശതമാനം പൂർത്തിയായതായി അടൂർ പ്രകാശ് എം.പിയുടെ ചോദ്യത്തിന് കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി ലോക്സഭയിൽ മറുപടി നൽകി. 1,888 കോടി രൂപ ഇതുവരെ ചിലവഴിച്ചു.

****************************

## തദ്ദേശീയ ദിനം (ഇൻട്രോ )

ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ ആചരിക്കുന്ന തദ്ദേശീയ ജനതയുടെ അന്തർദേശീയ ദിനാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ഒ.ആർ കേളു തിരുവനന്തപുരത്ത് നിർവഹിച്ചു. മുഖ്യമന്ത്രി പിണറായി വിജയൻറെ വീഡിയോ സന്ദേശം ചടങ്ങിൽ പ്രദർശിപ്പിച്ചു.

(മുഖ്യമന്ത്രി വോയിസ് )

***************************

## എ കെ ശശീന്ദ്രൻ - വയനാട്

വനം മന്ത്രി എ.കെ.ശശീന്ദ്രൻ കോഴിക്കോട് ജില്ലയിലെ ഉരുൾപൊട്ടൽ ബാധിത പ്രദേശമായ വടകര വിലങ്ങാട് സന്ദർശിച്ചു. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി മന്ത്രി ചർച്ച നടത്തി. മന്ത്രി പി പ്രസാദും പ്രതിപക്ഷ നേതാവ് വി ഡി സതീശനും ഉച്ചക്ക് ശേഷം ദുരിതബാധിതമേഖല സന്ദർശിക്കും. ഉരുൾപൊട്ടലിനെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തുന്ന സംഘം അടുത്താഴ്ച്ച എത്തും.

RNUTVPM

***************************

## ആർഡിഎഫ് പ്ലാന്റ് - എം ബി രാജേഷ്

തിരുവനന്തപുരം നഗരസഭയുടെ ആർഡിഎഫ് മാലിന്യസംസ്കരണ പ്ലാന്റ് മന്ത്രി എം ബി രാജേഷ് സന്ദർശിച്ചു. പ്ലാൻ്റിൻ്റെ ട്രയൽ റണ്ണിൻ്റെ ഭാഗമായാണ് സന്ദർശനം. വേർതിരിക്കാത്ത മാലിന്യം സംസ്കരിച്ച് ഇന്ധനമാക്കി മാറ്റുന്ന സംവിധാനമാണ് ആർഡിഎഫ്.

***************************

## ഒളിമ്പിക്സിൽ ഇന്ന്

ഒളിമ്പിക്സിൽ ഇന്നും ഇന്ത്യക്ക് മെഡൽ പോരാട്ടം. പുരുഷന്മാരുടെ 57 കിലോഗ്രാം ഫ്രീസ്റ്റൈൽ ഗുസ്തിയിൽ വെങ്കല മെഡലിനായി അമൻ സെഹ്രാവത്ത് ഇറങ്ങും. അത്ലറ്റിക്സിൽ 4 x 4 മീറ്റർ റിലേയിൽ ഇന്ത്യയുടെ പുരുഷ വനിതാ ടീമുകൾ ഇന്ന് മാറ്റുരക്കും. ഗോൾഫിലും ഇന്ന് ഇന്ത്യൻ താരങ്ങൾ മത്സരിക്കുന്നു.

***************************

## ഓഹരി + സ്വർണവില

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 791 പോയിന്റ് ഉയർന്ന് 79,689 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 235 പോയിന്റ് നേട്ടത്തിൽ 24,351 ലും വ്യാപാരം തുടരുന്നു. സ്വർണവില കൂടി. പവന് 600 രൂപ വർധിച്ച് 51,400 രൂപയും ഗ്രാമിന് 6425 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

***************************

## മഴ

സംസ്ഥാനത്ത് നാളെ മുതൽ വീണ്ടും ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ്. നാളെ ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിൽ ശക്തമായ മഴയ്ക്കുള്ള മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടിത്തത്തിന് തടസമില്ല. കണ്ണൂർ, കാസർകോട് തീരങ്ങളിൽ ഉയർന്ന തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണം. ശക്തമായ കാറ്റ് വീശാൻ സാധ്യതയുള്ളതിനാൽ കന്യാകുമാരി ജില്ലയിലെ കടൽത്തീരങ്ങളിൽ ഈ മാസം 11 വരെ സന്ദർശകർക്ക് വിലക്ക് ഏർപ്പെടുത്തി.

***************************

## പ്ലസ് വൺ പ്രവേശനം

ഈ അധ്യയന വർഷത്തെ പ്ലസ് വൺ പ്രവേശനത്തിന് സ്പോട്ട് അഡ്മിഷനോടെ ഇന്ന് സമാപനമാകും. സ്കൂളുകളിൽ ശേഷിക്കുന്ന സീറ്റുകൾ അനുസരിച്ച് ഓൺലൈനായി അപേക്ഷിച്ചവർക്കാണ് ഇന്ന് വൈകിട്ട് നാലിന് മുമ്പ് സ്കൂളുകളിലെത്തി പ്രവേശനം നേടാൻ അവസരമുള്ളത്.

****************************

## മലപ്പുറം H1N1

മലപ്പുറം ജില്ലയിൽ H1N1 റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യവകുപ്പ്. വണ്ടൂർ, പെരിന്തൽമണ്ണ, കുറ്റിപ്പുറം, എടപ്പാൾ, തവനൂർ, പൊന്നാനി എന്നീ മേഖലകളിലാണ് രോഗം റിപ്പോർട്ട് ചെയ്തത്. വായുവിലൂടെ പകരുന്ന രോഗമായതിനാൽ എല്ലാ വിദ്യാർഥികളും നിർബന്ധമായും മാസ്ക് ധരിക്കണമെന്ന് ജില്ല മെഡിക്കൽ ഓഫീസർ അറിയിച്ചു. ലക്ഷണങ്ങൾ ശ്രദ്ധയിൽപെട്ടാൽ ഉടൻ ശാസ്ത്രീയ ചികിത്സ തേടേണ്ടതാണെന്ന് ഡി.എം. ഒ അറിയിച്ചു.

RNUTVPM

****************************

## മനീഷ് സിസോദിയ

ഡൽഹി മദ്യനയ അഴിമതി കേസിൽ ആം ആദ്മി പാർട്ടി നേതാവും മുൻമന്ത്രിയുമായ മനീഷ് സിസോദിയയ്ക്ക് സുപ്രീംകോടതി ജാമ്യം അനുവദിച്ചു. ഇ.ഡിയും സിബിഐയും രജിസ്റ്റർ ചെയ്ത കേസുകളിലാണ് ജാമ്യം.

****************************

## പന്നിപ്പനി

പന്നിപ്പനി സ്ഥിരീകരിച്ച കണ്ണൂർ നടുവിൽ പഞ്ചായത്തിലെ സ്വകാര്യ വ്യക്തിയുടെ ഫാമിലെ 50 പന്നികൾക്ക് ദയാവധം. ജില്ലാ മൃഗസംരക്ഷണവകുപ്പിൻറെ മേൽനോട്ടത്തിലാണ് നടപടി പൂർത്തിയാക്കിയത്. 140 പന്നികളാണ് ഫാമിലുണ്ടായിരുന്നത്. ബാക്കിയുള്ളവ രോഗബാധയെത്തുടർന്ന് ചത്തു.

***************************

## അലോട്ട് മെൻറ്

എൻജിനീയറിംഗ്, ഫാർമസി പ്രവേശനത്തിനായി ഒന്നാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ഫീസ് ഈ മാസം 13 ന് മൂന്ന് മണിക്കകം ഓൺലൈൻ പേയ്മെന്റായോ വെബ്സൈറ്റിൽ കൊടുത്ത ഹെഡ് പോസ്റ്റ് ഓഫീസുകൾ മുഖേനയോ ഒടുക്കണം.

RNU TVPM

***************************

## കായലിൽ വീണു

കൊച്ചി നെട്ടൂരിൽ പ്ലസ് വൺ വിദ്യാർത്ഥിനി കായലിൽ വീണു. മാലിന്യം കളയാനായി കായലിന് അരികിലേക്ക് പോയപ്പോഴാണ് അപകടം ഉണ്ടായത്. സ്ഥലത്ത് കുട്ടിക്കായി തെരച്ചിൽ തുടരുന്നു.

***************************

## ശബരിമല

ശബരിമല ക്ഷേത്ര നട മറ്റന്നാൾ വൈകിട്ട് അഞ്ചിന് തുറക്കും. തിങ്കളാഴ്ച നിറപുത്തരി ചടങ്ങ് നടക്കും. ഇതിനായി കൃഷിയിറക്കിയ സ്ഥലങ്ങളിൽ നാളെ കൊയ്ത്തു നടക്കും.

***************************

## <u>കാട്ടാന - മൂന്നാർ</u>

ഇടുക്കി മൂന്നാറിൽ വീണ്ടും ജനവാസ മേഖലയിൽ ഇറങ്ങി കാട്ടുകൊമ്പൻ പടയപ്പ. മൂന്നാർ ചെണ്ടുവരൈയിൽ എസ്റ്റേറ്റിലാണ് കാട്ടാന തമ്പടിച്ചിരിക്കുന്നത്. ആനയെ തുരത്താൻ ദ്രുതപ്രതികരണ സേന മേഖലയിൽ നിരീക്ഷണം തുടരുന്നു.

********************************

## പുരസ്കാരം

ശാസ്ത്ര - സാങ്കേതിക രംഗത്തെ മികവിനുള്ള കേന്ദ്ര സർക്കാരിൻറെ രാഷ്ട്രീയ വിജ്ഞാൻ പുരസ്കാരങ്ങൾ രണ്ട് മലയാളികൾക്ക്. വിശിഷ്ട സേവനത്തിനുള്ള വിജ്ഞാൻശ്രീ പുരസ്കാരത്തിന് പാലക്കാട് സ്വദേശിയും ബംഗ്ലൂരു ഇന്ത്യൻ ഇസ്റ്റിറ്റ്യൂട്ട് ഓഫ് ആസ്ട്രോഫിസിക്സ് ഡയറക്ടറുമായ ഡോ.അന്നപൂർണി സുബ്രഹ്മണ്യൻ അർഹയായി.45 വയസ്സിൽതാഴെയുള്ള ശാസ്ത്ര ഗവേഷണകർക്കുള്ള വിജ്ഞാൻ യുവ-ശാന്തി സ്വരൂപ് ഭട്നാഗർ പുരസ്കാരത്തിന് കോട്ടയം സ്വദേശി ഡോ റോക്സി മാത്യു കോൾ അർഹനായി.

RNU TVPM

********************************

## ഒളിമ്പിക്സ് - മെഡൽ

പാരീസ് ഒളിമ്പിക്സിൽ വെള്ളി മെഡൽ നേടിയ നീരജ് ചോപ്രക്കും വെങ്കലം ലഭിച്ച ഹോക്കി ടീമിനും അഭിനന്ദന പ്രവാഹം. ഈ ഒളിമ്പിക്സിലെ ഇന്ത്യയുടെ ആദ്യ വെള്ളി മെഡലാണ് പുരുഷന്മാരുടെ ജാവലിൻ ത്രോയിൽ നീരജ് ചോപ്ര സ്വന്തമാക്കിയത്. പുരുഷ ഹോക്കിയിൽ സ്പെയിനിനെ പരാജയപ്പെടുത്തിയാണ് ഇന്ത്യൻ സംഘത്തിന്റെ വെങ്കല നേട്ടം.

*******************************************************************************************************************************************************